ഉത്തരം

(എ) സംസ്ഥാനത്ത് ഇപ്പോൾ ആധുനിക സൗകര്യങ്ങളോടു കൂടിയ ഒരു ഫിഷ്‌ലാന്റിംഗ് സെന്ററാണുള്ളത്. അത് നീലേശ്വരത്താണ്.

(ബി) 23 ലാന്റിംഗ് സെന്ററുകൾ സ്ഥാപിക്കുന്നതിന് കേന്ദ്ര ഗവൺമെന്റ് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. ഇവ പൂർത്തീകരിച്ചതിനു ശേഷമേ മാരാരിക്കുളം ഉൾപ്പെടെയുള്ള പുതിയ സ്ഥലങ്ങളിൽ ലാന്റിംഗ് സെന്റർ പണിയുന്ന കാര്യം പരിഗണിക്കാൻ സാധിക്കൂ.

മൽസ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ്

792 [959] ശ്രീ. എ. വി. താമരാക്ഷൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൽസ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് എന്നാണ് നിലവിൽ വന്നത്;

(ബി) ആ ബോർഡിന്റെ പ്രവർത്തനം തുടങ്ങിയിട്ടുണ്ടോ;

(സി) ക്ഷേമനിധി ബോർഡിലേക്ക് പണം സ്വരൂപിക്കുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ടോ;

(ഡി) എത്ര മൽസ്യത്തൊഴിലാളി ഗ്രാമ സംഘങ്ങളാണ് സംസ്ഥാനത്ത് ഇപ്പോൾ പ്രവർത്തിക്കുന്നത്?

ഉത്തരം

(എ) 26–1–1986–ൽ.

(ബി, സി) ഉണ്ട്.

(ഡി) കടലോര മേഖലയിൽ 222 മൽസ്യത്തൊഴിലാളി ക്ഷേമ സംഘങ്ങളും ഇപ്പോൾ പ്രവർത്തിക്കുന്നു.

ഗൾഫ് രാജ്യങ്ങളിൽ നിന്നും തിരിച്ചുവരുന്ന മലയാളികളെ പുനരധിവസിപ്പിക്കാനുള്ള പദ്ധതി

793 [960] ശ്രീ. പി. സീതിഹാജി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗൾഫ് രാജ്യങ്ങളിൽ നിന്നും തിരിച്ചു വരുന്ന മലയാളികളെ പുനരധിവസിപ്പിക്കാനുള്ള എന്തെങ്കിലും പദ്ധതി ഗവൺമെന്റിന്റെ പരിഗണനയിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തെല്ലാം സൗകര്യങ്ങളാണ് ഗവൺമെന്റ് അവർക്കു വേണ്ടി ചെയ്തുകൊടുക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഇല്ല.

(ബി) ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly